# പതിനഞ്ചാം കേരള നിയമസഭ

## ആറാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം 2

2022 ആഗസ്റ്റ് 23

**നമ്പർ: 283**

2022 ആഗസ്റ്റ് 23-ന് സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ ഏഴാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം പതിനഞ്ചാം കേരള നിയമസഭയുടെ ആറാം സമ്മേളനക്കാലയളവിൽ 2022 ആഗസ്റ്റ് 25, 26, 2022 സെപ്റ്റംബർ 2 തീയതികളിൽ സഭ ചേരുന്നതല്ല.

ആറാം സമ്മേളനക്കാലയളവിൽ ഗവൺമെന്റ് കാര്യങ്ങൾക്കായി നീക്കിവച്ചിട്ടുള്ള സമയം താഴെപ്പറയും പ്രകാരം ക്രമീകരിച്ചിരിക്കുന്നു.

2022 ആഗസ്റ്റ് 23, ചൊവ്വാഴ്ച

1 താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(ചർച്ച അവസാനിപ്പിക്കുന്നതാണ്):

(i) 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ.

(ii) 2022-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബിൽ.

(iii) 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ.

(iv) 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ.

(v) 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ.

2 2021-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും.

(ചർച്ച അവസാനിപ്പിക്കുന്നതാണ്)

KNPP. 1084/2022.

2022 ആഗസ്റ്റ് 24, ബുധനാഴ്ച

1 താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(ചർച്ച അവസാനിപ്പിക്കുന്നതാണ്):

(i) 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ.

(ii) 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ.

(iii) 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷനും റിക്രൂട്ട്മെന്റും ബോർഡ് ബിൽ.

(iv) 2022-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ.

(v) 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ.

2 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബില്ലിന്റെ അവതരണവും സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(ചർച്ച അവസാനിപ്പിക്കുന്നതാണ്)

2022 ആഗസ്റ്റ് 29, തിങ്കളാഴ്ച

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(ചർച്ച അവസാനിപ്പിക്കുന്നതാണ്):

(i) 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ.

(ii) 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ.

2022 ആഗസ്റ്റ് 30, ചൊവ്വാഴ്ച

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(ചർച്ച അവസാനിപ്പിക്കുന്നതാണ്):

(i) 2022-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബിൽ.

(ii) 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ.

(iii) 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ.

2022 ആഗസ്റ്റ് 31, ബുധനാഴ്ച

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(ചർച്ച അവസാനിപ്പിക്കുന്നതാണ്):

(i) 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ.

(ii) 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ.

(iii) 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷനും റിക്രൂട്ട്മെന്റും ബോർഡ് ബിൽ.

2022 സെപ്റ്റംബർ 1, വ്യാഴാഴ്ച

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും
(ചർച്ച അവസാനിപ്പിക്കുന്നതാണ്):

(i) 2022-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ.

(ii) 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ.

2022 ആഗസ്റ്റ് 23 ചൊവ്വാഴ്ച അവതരിപ്പിക്കുന്ന 2021-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ, ബന്ധപ്പെട്ട ചട്ടം താത്ക്കാലികമായി സസ്പെൻഡ് ചെയ്തുകൊണ്ട് അന്നേ ദിവസം തന്നെ പരിഗണിക്കുന്നതാണ്.

2022 ആഗസ്റ്റ് 23, 24 തീയതികളിലെ ബിസിനസ്സ് പൂർത്തീകരണത്തിന് ആവശ്യമെങ്കിൽ അപരാഹ്നസമ്മേളനം ചേരുന്നതാണ്.

എ. എം. ബഷീർ,
*സെക്രട്ടറി.*